# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുതുതല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-13-2251/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി. 22-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുതല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുതല ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുതല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ എസ് എ-പികെഡി-13-2251/2016 തിയ്യതി: 22-12-2016

## പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15-7-2016 മുതൽ 12-10-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-10-2016 മുതൽ 20-10-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.എം.ഉഷ | 1-4-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീ.നീലകണ്ഠൻ.സി.എം | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.ശശീന്ദ്രൻ.സി | 1-4-2015 മുതൽ 27-7-2015 വരെ |
| | ശ്രീ.റെനിസൈമൺ | 28-7-2015 മുതൽ 31-3-2016 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രാഹൽ കൃഷ്ണൻ | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.പി.ഷൈജു | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി.എം.എം.ഗീത | 1-4-2015 മുതൽ<br>31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രഭ.എ.എൻ | 1-4-2015 മുതൽ<br>23-12-2015 വരെ |
| | ശ്രീമതി.കെ.രാധ പുത്തൻപുര | 24-12-2015 മുതൽ<br>31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.സരിത.ജെ | 1-4-2015 മുതൽ<br>31-8-2015 വരെ |
| | ശ്രീ.സജീവ്.വി.കെ | 1-9-2015 മുതൽ<br>15-11-2015 വരെ<br>(16-11-2015 മുതൽ<br>30-11-2015 വരെ<br>ഒഴിവ്) |
| | ശ്രീമതി.ജുവൈന.പി.ഖാൻ<br>(അഡീ.ചാർജ്ജ്) | 1-12-2015 മുതൽ<br>3-3-2016 വരെ |
| | ശ്രീമതി.അശ്വതി.സി.എ<br>(താത്കാലികം) | 4-3-2016 മുതൽ<br>31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.വി.സി.ഗീത | 1-4-2015 മുതൽ<br>31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ISM | ഡോ.സെയ്ത്ത് മുഹമ്മദ് സലീം | 1-4-2015 മുതൽ<br>5-2-2016 വരെ |
| | ഡോ.രേണു.എസ്.ആർ | 6-2-2016 മുതൽ<br>31-3-2016 വരെ |

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.ഷാജൻ.വി.എ | 1-4-2015 മുതൽ<br>30-5-2015 വരെ |
| | ശ്രീ.സുരേഷ് കുമാർ.സി.പി | 1-6-2015 മുതൽ<br>31-3-2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ് | 2(1) |
| 2 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല-വസ്തുനികുതിയിനത്തിൽ ഭീമമായ നഷ്ടം | 2(2) |
| 3 | തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച | 2(3) |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റ് രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ് | 2(4) |
| 5 | ഡി&ഓ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ഉറപ്പ് വരുത്തുന്നില്ല | 2(5) |

<u>ഭാഗം-III</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഇല്ലാത്ത തെരുവുവിളക്കുകളുടെ കണക്ക് ഒഴിവാക്കി പ്രതിമാസ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കണം | 3(1) |
| 2 | വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 3(2) |
| 3 | ജീവനക്കാരന് നൽകിയ മുൻകൂർ ക്രമീകരിക്കേണ്ടതാണ് | 3(3) |
| 4 | പദ്ധതിനടത്തിപ്പിനായി പിൻവലിച്ച 90000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചില്ല | 3(4) |
| 5 | പൈപ്പ് കംപ്പോസ്റ്റ് നിർമ്മാണ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(5) |
| 6 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം അനുവദിക്കേണ്ടതാണ് | 3(6) |
| 7 | വിവാഹ ധമസഹായത്തിനുള്ള അർഹത ഉറപ്പാക്കേണ്ടതാണ് | 3(7) |

| | | |
|---|---|---|
| 8 | തെരുവ് നായ്ക്കളുടെ വന്ധ്യകരണം -ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3(8) |
| 9 | ഐ.എ.വൈ പദ്ധതിയ്ക്കായി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കണം | 3(9) |
| 10 | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരികേണ്ടതാണ് | 3(10) |
| 11 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 3(11) |
| 12 | എസ്.എസ്. എ വിഹിതം നൽകിയതിന് വിനിയോഗ രേഖകൾ ലഭ്യമായില്ല | 3(12) |
| 13 | കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3(13) |
| 14 | തെരുവുവിളക്കുകളുടെ അറ്റകുറ്റപണി-കരാറുകാരന് അനുവദിച്ച ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 3(14) |
| 15 | മരാമത്ത് പ്രൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 3(15) |
| 16 | ഗുണഭോക്തൃ സമിതികകൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല | 3(16) |
| 17 | പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഒഴിവാക്കണം | 3(17) |
| 18 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർനടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3(18) |
| 19 | എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിച്ചു | 3(19) |
| 20 | കുടുംബശ്രീ ഫണ്ടിലെ നീക്കിയിരിപ്പായ വികസന ഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ് | 3(20) |
| 21 | ആശ്രയ പദ്ധതി -അവലോകനം | 3(21) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./ തിയ്യതി | 04.03.2016 ലെ തീരുമാനം നം. 1 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-7-2016 | 30-7-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16488109 |
| വരവ് | 36019702 |
| ആകെ | 52507811 |
| ചെലവ് | 45691264 |
| നീക്കിയിരിപ്പ് | 6816547 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടു കളിൽ നിന്നും പിൻ വലിച്ച് നിക്ഷേ പിച്ച തുക | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻ സ്ഥർ ക്രെഡി റ്റ് | നീക്കി യിരി പ്പ് (RP 40 b പ്ര കാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1261100 | 5215257 | 584255 | 7060612 | 6574667 | 485945 (*) | 0 |
| വിക സന ഫണ്ട് എസ്. സി.പി | 3272201 | - | 8812738 | 12084939 | 10784756 | 1300183 (**) | 0 |
| സംര ക്ഷണ ഗ്രാന്റ് റോഡ് | 382915 | 304200 | 5340278 | 6027393 | 6027393 | 0 | 0 |
| സംര ക്ഷണ ഗ്രാന്റ് നോൺ റോഡ് | 1197469 | - | 1368850 | 2566319 | 2262119 | 304200 (***) | 0 |
| 14-ാം ധന | 2276020 | - | 3809213 | 6085233 | 4262388 | 1822845 | |

| | | | | | | | |
|---|---|---|---|---|---|---|---|
| കാര്യ കമ്മീഷൻ ഗ്രാന്റ് | | | | | | (**) | |
| പെർഫോമൻസ് ഗ്രാന്റ് | 2092229 | - | 550897 | 2643126 | 550897 | 2092229 (**) | 0 |
| എം. എൻ. ആർ. ഇ. ജി. എസ്. | 111415 | | 13670687 | 13782102 | 13781842 | 0 | 260 |
| ബി ഫണ്ട് | 0 | | 27982359 | 27982359 | 27982359 | 0 | |

(*) വി.പി.എഫ്.എ 2 വിൽ നിന്നും സർക്കാരിലേക്ക് തിരികെ അടച്ചത്.
(**) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.
(***) റോഡ് അക്കൗണ്ടിലേക്ക് മാറ്റിയ തുക.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 207 | 180 | - | 27 | 87 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 2196876 | 1221800 | 56 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1023240 | 646200 | 63 |
| വി.ഇ.ഒ | 6 | 4 | 5346800 | 1306055 | 24 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 3783869 | 2534801 | 67 |
| സെക്രട്ടറി | 23 | 18 | 4232515 | 3125370 | 74 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 146 | 128 | 20795543 | 17668467 | 85 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 546000 | 511628 | 94 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 300000 | 300000 | 100 |
| അസി. സെക്രട്ടറി | 8 | 8 | 4648623 | 4157939 | 89 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1831339 | 4813838 | 2982499 | +(163) |
| നികുതിയേതര വരവുകൾ | 5250876 | 366975 | -4883901 | -(93) |
| ആകെ | 7082215 | 5180813 | -1901402 | - (27) |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 6 | 6 | | |
| 2 | തൊഴിൽ രഹിത വേതനം | 7 | 7 | | |
| 3 | വിധവാ പെൻഷൻ | 75 | 70 | 5 | |
| 4 | വികലാംഗ പെൻഷൻ | 9 | 9 | | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 179 | 179 | | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-10-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2915 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശ ങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-9-2016 | 8/2016 | ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-2-2006 | 2005-06 വരെ | 19-6-2006 | - |

# 1-11 അനുബന്ധ പത്രികകൾ

1 – ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നികുതിദായകരിൽ നിന്നും സ്വീകരിച്ചിട്ടുള്ള നികുതിയുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തിരികെ നൽകേണ്ട കണക്കും വ്യക്തമല്ല. ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതിയുടെ നിലവിലെ ഡിമാന്റ്, കുടിശ്ശിക വിവരങ്ങൾ വ്യക്തമായി മനസ്സിലാക്കാവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. രേഖകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ഇല്ലാത്തതിനാൽ ഈ ഇനത്തിൽ ലഭിക്കേണ്ട ഭീമമായ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നില്ല. ഈ ഇനത്തിൽ അടിയന്തിര ഇടപെടൽ ഉണ്ടാകണം.

തൊഴിൽ നികുതി ഇനത്തിൽ ഉണ്ടാകുന്ന ചോർച്ച തടയുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

പരസ്യ നികുതി, സേവന നികുതി എന്നിവ ചുമത്തുന്നതിനുള്ള തീരുമാനങ്ങൾ നാളിതുവരെ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ വരവിനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2-2 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

## മൊബൈൽ ടവറുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല- വസ്തുനികുതിയിനത്തൽ ഭീമമായ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്.

മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച

1. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

മുതല കൃഷിഭവനിലെ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിൽ കുറവുള്ളതായി കണ്ടെത്തി.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | വരുമാനം | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | ശ്രീ. മുരുകേശൻ, കൃഷി അസിസ്റ്റന്റ് | 136470 | 126040 | 1000 | 1000 | 250 | 250 |
| 2 | ശ്രീമതി. ജിൽജി മാത്യു, കൃഷി അസിസ്റ്റന്റ് | 136470 | - | 1000 | - | 250 | - |
| 3 | ശ്രീ. അനിൽ.സി.പി, കൃഷി അസിസ്റ്റന്റ് | - | 129148 | 1000 | - | - | 250 |
| ആകെ | | | | | | 500 | 500 |

ഈടാക്കുന്നതിൽ കുറവുവന്ന 1000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ടെക്നിക്കൽ അസിസ്റ്റന്റിന്റെ തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസി. ആയ ശ്രീ.പ്രശാന്തിന്റെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കരാർ അടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റിന് 13500 രൂപ പ്രതിമാസം വേതനം അനുവദിക്കുന്നുണ്ട്. ആയതിനാൽ 750 രൂപ വീതം ഓരോ അർദ്ധവർഷത്തിലും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. ഡിമാന്റ് ചെയ്യാത്ത നികുതി 1500 രൂപ (750x2) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

3. വിവിധ തൊഴിലുകളിൽ ഏർപ്പെട്ട ആളുകളുടെ തൊഴിൽനികുതി

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ബിൽഡിംഗ് എഞ്ചിനിയർ/സൂപ്പർവൈസർ, ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തു പരിധിയിൽ പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ്.ബി.ഐ, മുതുതല | I & II |
| 2 | മംഗൽ പാലസ് ഓഡിറ്റോറിയം | I & II |
| 3 | സിതാര ഓഡിറ്റോറിയം | I & II |
| 4 | ബാബൂസ് ഓഡിറ്റോറിയം | I & II |
| 5 | കെ.എം.കെ ഓഡിറ്റോറിയം | I & II |
| 6 | വി-4 കോർപറേഷൻ | I & II |
| 7 | ഡിസൈൻ ബിൽഡേഴ്സ് | I & II |
| 8 | നിള കൺസ്ട്രക്ഷൻസ് | I & II |

സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 കെട്ടിടനിർമ്മാണ പെർമിറ്റ് രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ്

1. കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമാണ) ചട്ടങ്ങളിലെ ചട്ടം 11 (3)ലെ പട്ടിക പ്രകാരം വില്ലേജ് പഞ്ചായത്ത് കാറ്റഗറി 2 വാസഗൃഹങ്ങൾക്ക് ചതുരശ്രമീറ്ററിന് 3/- രൂപയും വാണിജ്യ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5/- രൂപയുമാണ് ഈടാക്കേണ്ടത്. എന്നാൽ കെട്ടിട നിർമാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററും

അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകരിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കണ്ടെത്തി.

| അപേക്ഷകൻ | പെർമിറ്റ് നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയ പെർമിറ്റ് ഫീസ് | റസീറ്റ് നം/ തീയതി | കുറവ് |
|---|---|---|---|---|---|---|
| ശ്രീ.രമേഷ് കുമാർ | A4/3057 /15/3-7-15 ഗാർഹികം | 152.97 | 459 | 176 | 115101 01078/ 3-7-15 | 283 |
| ശ്രീ. അബ്ദുൾ റഹ്മാൻ | A4/3932 /15/1-7-15 ഗാർഹികം | 169.37 | 508 | 185 | 115010 1044/ 30-6-15 | 323 |
| ആകെ | | | 967 | 361 | | 606 |

കെട്ടിട നിർമാണ പെർമിറ്റ്ഫീസ് ഈടാക്കിയതിൽ 606/-രൂപ കുറവു വന്നത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2. കെട്ടിട നിർമാണ പെർമിറ്റിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| ക്രമ നം. | അപേക്ഷ കൻ | പെർമിറ്റ് നമ്പർ | ഒക്യുപ ൻസി | റസീറ്റ് നം/ തീയതി | കുറിപ്പ് |
|---|---|---|---|---|---|
| 1 | ശ്രീമതി.കുഞ്ഞി പാത്തു | A4/2437 /15/31-3-15 | വാണി ജ്യം | 115101 00894/ 15-6-15 | ഈടാക്കിയ തുക രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 2 | ശ്രീ.അബ്ദുൾ അസീസ് | A4/3134 /15/19-5-15 | വാണി ജ്യം | 1151010 0945/ 19-6-15 തുക - 1019 | രജിസ്റ്ററിൽ വിസ്തീർണ്ണം രേഖപ്പെടു ത്തിയിട്ടില്ല. |
| 3 | ശ്രീ.അബ്ദുൾ സുബൈർ | A4/2112 /15/27-7-15 | ഗാർ ഹികം | 115101 00404/ 24-4-15 | ഈടാക്കിയ തുക രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 4 | ശ്രീ.മുഹമ്മദ്കുട്ടി മുസലിയാർ | A4/5424 /15/25-11-15 | - | രസീതി നം. ചേർത്തിട്ടില്ല. | രജിസ്റ്ററിൽ ക്വാർട്ടേഴ്സ് എന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | തുക - 1623 | രേഖപ്പെടുത്തി യിട്ടുണ്ടെങ്കിലും വിസ്തീർണ്ണം രേഖപ്പെട്ടു ത്തിയിട്ടില്ല. |
| 5 | ശ്രീ. അബ്ദുൾ റഹ്മാൻ | A4/3932 /15/1-7-15<br>ഗാർഹികം | ഗാർഹികം | 115010 1044/ 30-6-15<br>തുക - 185 | - |

രേഖകൾ ഹാജരാക്കാതിരുന്നതിന് തൃപ്തികരമായ വിശദീകരണം ലഭ്യമായില്ല. രേഖകൾ കണ്ടെത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ഉറപ്പ് വരുത്തുന്നില്ല

1. ഹോളോ ബ്രിക്സ് യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ഉറപ്പാക്കുന്നില്ല

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO /KTM/16741/09/09 നമ്പർ സർക്കുലർ പ്രകാരം ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ആവശ്യമാണ്. എന്നാൽ താഴെപ്പറയുന്ന യൂണിറ്റുകൾ ഡി&ഒ ലൈസൻസിനായി നൽകിയ അപേക്ഷയോടൊപ്പം അനുമതി പത്രം സമർപ്പിച്ചിട്ടില്ല.

1. ശ്രീ. സൂര്യനാരായണൻ, പെരുമുടിയൂർ

2. ശ്രീ.മൊയ്തു, പെരുമുടിയൂർ

3. ശ്രീ.മുകുന്ദൻ, കോഴിക്കാട്ടിരി

2. ഭക്ഷ്യോൽപന്ന സ്ഥാപനങ്ങൾക്ക് സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം അനുമതിപത്രം ആവശ്യമായ വ്യവസായങ്ങളിലുൾപ്പെട്ട ഭക്ഷ്യോൽപന്നങ്ങളുമായി ബന്ധപ്പെട്ട വ്യാപാരങ്ങൾ നടത്തുന്ന നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഹോട്ടൽ / ബേക്കറി, ചായക്കടകൾ, ഭക്ഷ്യനിർമ്മാണ യൂണിറ്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ഡി&ഒ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ നം. | ഉടമസ്ഥൻ, സ്ഥാപനം |
|---|---|---|
| 1 | 21 | ശ്രീ.ഗോവിന്ദൻനായർ മുരളി ഹോട്ടൽ, വാർഡ് നം. 13 |
| 2 | 22 | സുരേഷ് കുമാർ, എഡിബിൾ ഓയിൽ, വാർഡ് നം. 6 |
| 3 | 51 | അബ്ദുൾ റഷീദ്, ബേക്കറി & കൂൾബാർ, വാർഡ് നം. 6 |
| 4 | 36 | സേതുമാധവൻ, ഐസ് ക്രീം വിൽപന, വാർഡ് നം. 5 |

3. മറ്റ് അപാകതകൾ

ഡി&ഒ ലൈസൻസിനുള്ള ഭൂരിഭാഗം അപേക്ഷകളിലും ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനാവശ്യമായ വിറ്റുവരവ്, കുതിരശക്തി തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ല എന്നുള്ള സത്യപ്രസ്താവന, സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച സത്യവാങ്മൂലം, സർക്കുലർ നം. 15885/ആർ.ഡി3/2011/ ത.സ്വ.ഭ.വ തീയതി 26.4.2011ലെ നിർദ്ദേശം അനുസരിച്ച് പുകവലി നിരോധനം സംബന്ധിച്ച സത്യപ്രസ്താവന തുടങ്ങിയ രേഖകൾ അപേക്ഷകളോടൊപ്പം വാങ്ങി സൂക്ഷിച്ചിട്ടില്ല.

ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇല്ലാത്ത തെരുവുവിളക്കുകളുടെ കണക്ക് ഒഴിവാക്കി പ്രതിമാസ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കണം

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടേയും പ്രതിമാസം ഒടുക്കുന്ന വൈദ്യുതി ചാർജ്ജിന്റേയും വിവരം താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| സാധാരണ ലാമ്പ്-100 W | 71 | 155 | 11005 |
| സോഡിയം വേപ്പർ ലാമ്പ്-250 W | 58 | 414 | 24012 |
| ട്യൂബ്-40*2 W | 26 | 124 | 3224 |
| സി.എഫ്.എൽ-11*2 WCFL | 310 | 14 | 4340 |

ആകെ പ്രതിമാസ വൈദ്യുതി ചാർജ്ജ് -42581 രൂപ.

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 71 സാധാരണ ലാമ്പുകബൾക്ക് 11005 രൂപ വൈദ്യുതിബോർഡ് ഈടാക്കുന്നുണ്ട്. നിലവിൽ സാധാരണ ലാമ്പുകളൊന്നും ഇലക്ട്രിക് പോസ്റ്റുകളിൽ ഇല്ലെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വൈദ്യുതിബോർഡ് അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ ഭൗതികപരിശോധന നടത്തി എണ്ണം, തരം എന്നിവ വാർഡ് തിരിച്ച് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഇല്ലാത്ത ലാമ്പുകളുടെ കണക്ക് ഒഴിവാക്കി വൈദ്യുതി ചാർജ്ജ്

ക്രമീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വൈദ്യുതി ഉപഭോഗവും ചാർജ്ജും കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.
4. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.
5. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലെ ജല അതോറിറ്റിയുടെ പൊതുടാപ്പുകളുടെ എണ്ണം 289 ആണ്. വെള്ളക്കരം ഇനത്തിൽ 126438/- രൂപ ഗ്രാമപഞ്ചായത്ത് ജല അതോറിറ്റിയിൽ ഒടുക്കിവരുന്നുണ്ട്. വെള്ളക്കരം രജിസ്റ്റർ പരിശോധിച്ചതിൽ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കുവാനുള്ള മുൻകുടിശ്ശിക 1138048/- രൂപയിൽ പ്രൊജക്റ്റ് നം. 197/16 പ്രകാരം 147004 രൂപ തൻവർഷം അടവാക്കിയിട്ടുണ്ട് (ബിൽ നം-26/15-16, തിയതി 27-3-2016). 31/3/2016ൽ 991044 രൂപ ഇനിയും മുൻകുടിശ്ശിക ബാക്കിയുള്ളതായി കാണുന്നു. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കാതെയാണ് ഗ്രാമപഞ്ചായത്ത് തുക ഒടുക്കിവരുന്നത്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ഇല്ലാത്ത ടാപ്പുകൾക്ക് കരം അടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള സബ്സിഡി അനുവദിച്ച് ഘട്ടം ഘട്ടമായി പൊതു ടാപ്പുകളുടെ എണ്ണം കുറവു ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 ജീവനക്കാരന് നൽകിയ മുൻകൂർ ക്രമീകരിക്കേണ്ടതാണ്

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ, ശ്രീ.എം.വിനോദ്കുമാർ, യു.ഡി.സി യ്ക്ക് അനുവദിച്ച ഓണം മുൻകൂറായ 10000 രൂപയിൽ 4000 രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുള്ളതെന്ന് കാണുന്നു.

വൗ. നം. 21500330/22-8-2015

ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോയ ജീവനക്കാരന് അനുവദിച്ച മുൻകൂറിൽ ക്രമീകരിക്കുവാൻ ബാക്കിയുള്ള 6000 രൂപ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 പദ്ധതി നടത്തിപ്പിനായി പിൻവലിച്ച 90000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചില്ല

പ്രൊ.നം. 225/16 – പച്ചക്കറി വിത്ത് നൽകൽ

അടങ്കൽ - 90000 ((ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പിൻവലിച്ച തുക – 90000

ബിൽ നം. 5/29-3-2016

(ഡി.ഡി നം. 172762/11-4-2016)

പച്ചക്കറി വിത്ത് നൽകൽ എന്ന പ്രൊജക്റ്റ് പ്രകാരം വിത്തിനാവശ്യമായ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി, തൃശ്ശൂരിന് നൽകുവാനായി ഡി.ഡി എടുത്തുവെങ്കിലും ആയത് നാളിതുവരെ സ്ഥാപനത്തിന് നൽകിയിട്ടില്ല. ഡി.ഡി നിലവിൽ കൃഷി ഓഫീസറുടെ കൈവശം സൂക്ഷിച്ചിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.
പദ്ധതിനടത്തിപ്പ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിനു മുമ്പായി തുക പിൻവലിച്ച് സൂക്ഷിച്ചിട്ടുള്ള നടപടി ക്രമവിരുദ്ധമാണ്. തുക അടിയന്തിരമായി ചെലവഴിക്കുകയോ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും നടത്തിപ്പ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആയതുവരെ തുക തടസ്സവാദത്തിൽ വെക്കുന്നു.

# 3-5 പൈപ്പ് കംപ്പോസ്റ്റ് നിർമ്മാണ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് - 170/15 – ഖരമാലിന്യ സംസ്കരണം-പൈപ്പ് കംപ്പോസ്റ്റ് നിർമ്മാണം

അടങ്കൽ – 2656800
(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – 434520, കേന്ദ്ര ഫണ്ട് - 1902600, ഗുണ.വിഹിതം – 319680)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

പദ്ധതിനടത്തിപ്പിനായി വികസനഫണ്ടിൽ നിന്നും ബിൽ നം. 9/16 തിയതി 8/3/16 പ്രകാരം 26055/-രൂപ പിൻവലിക്കുകയും ഡി.ഡി നം. 861753/13-6-16 പ്രകാരം ഐ.ആർ.ടി.സി, മുണ്ടൂർ എന്ന സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എല്ലാ സ്രോതസ്സിൽ നിന്നുമുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ തന്നെ പദ്ധതി ആവിഷ്കരിക്കുകയും, വികസനഫണ്ട് മുൻകൂറായി പിൻവലിച്ച് നൽകിയതും ശരിയായ നടപടിയല്ല. ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി പദ്ധതി നടത്തിപ്പിനായി വിനിയോഗിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ മുൻകൂറായി നൽകിയ തുക 26055 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം അനുവദിക്കേണ്ടതാണ്

പ്രോജക്ട് നം.38/16 (ജനറൽ), 39/16( എസ്.സി.പി) – ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ – ICDS സൂപ്പർവൈസർ

ബിൽ നം. 09/15-16 തിയതി 23/08/2016 പിൻവലിച്ച തുക- 300000(ജനറൽ)

ബിൽ നം.08/15-16 തിയതി 23/03/2016 പിൻവലിച്ച തുക- 100000(എസ്.സി.പി)

പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിന് നിശ്ചിത നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും മേൽ പ്രൊജക്റ്റുകൾ

പ്രകാരം ധനസഹായം നൽകിയതിൽ അർഹതപ്പെട്ട പലർക്കും ആനുകൂല്യം കുറവായാണ് നൽകിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | വൈകല്യത്തിന്റെ തരം | ക്ലാസ് | നല്കിയ തുക | നൽകാവുന്ന തുക | കുറവ് |
|---|---|---|---|---|---|---|
| 1 | വിനീത | എം ആർ | IX | 7720 | 12000 | 4280 |
| 2 | മുഹമ്മദ് അമസ് | എം ആർ | X | 7720 | 12000 | 4280 |
| 3 | നിയമോൾ(sc) | എം ആർ | VIII | 6000 | 12000 | 6000 |
| 4 | വിജേഷ് | എം ആർ | IX | 6000 | 12000 | 6000 |

സർക്കാർ ഉത്തരവ് (എം.എസ്) നം. 362/2013/ത.സ്വ.ഭ.വ തിയതി 16/11/2013 പ്രകാരമുള്ള മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്. Cerebral Palsy, Autism മുതലായവ നേരിടുന്നവർക്ക് പ്രതിമാസം 1000 രൂപ വീതം നൽകാവുന്നതാണ്. വരും വർഷങ്ങളിൽ അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം ലഭ്യമാക്കുന്ന തരത്തിൽ ഫണ്ട് വകയിരുത്തുന്നതിനായി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വിവാഹ ധനസഹായത്തിനുള്ള അർഹത ഉറപ്പാക്കേണ്ടതാണ്

പ്രൊജക്റ്റ്. – 15/16 – പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

അടങ്കൽ – 12. 5 ലക്ഷം (എസ്.സി.പി)

ചെലവ്- 12ലക്ഷം
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

എസ്.സി പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുന്നതിനുള്ള പദ്ധതി പ്രകാരം 24 പേർക്ക് 50000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 50000 രൂപയാണ്. വരുമാനം കണക്കാക്കുമ്പോൾ എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനങ്ങളും ഉൾപ്പെടുത്തേണ്ടതാണെന്ന് സ.ഉ(എം.എസ്)നം. 76/2012/സാ.നീ.വ തിയതി 26-12-2012 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കുടുംബവിഹിതമോ, മാതാവിന്റേയോ പിതാവിന്റേയോ ഇഷ്ടദാനമോ പെൺകുട്ടിയുടെ പേരിൽ ഉള്ള ധനം ഉൾപ്പെടെ

വരുമാനം കണക്കാക്കുവാൻ പരിഗണിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പമുള്ള ആഭരണങ്ങൾ വാങ്ങിയതിന്റെ ബില്ലുകളിൽ മാത്രം 50000 രൂപയിൽ കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആഭരണങ്ങൾ വാങ്ങിയതിന്റെ ബിൽ തുക |
|---|---|---|
| 1 | കുഞ്ഞൻ, ചോലയിൽ, മുതുതല | 87544/- |
| 2 | കാളി, കുരിപ്പള്ളിയാലിൽ | 186893/- |

അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമാണ് ധനസഹായം നൽകുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-8 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം -ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് - 212/16 -എ.ബി.സി
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

ബിൽ നം. 05/15-16/ 2/3/2016, തുക-118000/- (വികസനഫണ്ട്)

ചെക്ക് നം-2276197/08/2/16, തുക-232000/- (തനത് ഫണ്ട്)
ആകെ – 350000 രൂപ

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച 'തെരുവ് നായ്ക്കളുടെ വന്ധ്യംകരണം' എന്ന പദ്ധതിക്കു വേണ്ടി പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് 118000/-രൂപയും, തനത് ഫണ്ടിൽ നിന്ന് 232000/- ചേർത്ത് 350000/-രൂപ തിയതി പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണ്.

# 3-9 ഐ.എ.വൈ പദ്ധതിയ്ക്കായി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കണം

1. പ്രൊജക്റ്റ് നം. 107/14-15-ഐ എ വൈ പഞ്ചായത്ത് വിഹിതം- എസ് സി പി

2014-2015 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ പഞ്ചായത്ത് വിഹിതമിനത്തിൽ 1192500 രൂപ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

അടങ്കൽ 11,92,500/- (വികസന ഫണ്ട്)

ചെലവ് 11,92,500/-
ബിൽ നം: 3/14-15 തീയതി 23-02-15

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

2. പ്രൊ.നം. 243/2016-ഐ.ഏ.വൈ വിഹിതം

അടങ്കൽ - 500000 (വികസന ഫണ്ട്)

ചെലവ് - 500000

ബിൽ നം. 35/31-3-2016
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഐ.ഏ.വൈ വിഹിതമായി പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയ 5 ലക്ഷം രൂപയുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല.

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

# 3-10 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ ആകെ 22 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 18 എണ്ണം സ്വന്തം കെട്ടിടത്തിലും മറ്റുള്ളവ വാടക കെട്ടിടത്തിലുമാണ്

പ്രവർത്തിക്കുന്നത്. ചുറ്റുമതിലുള്ളത് 13 എണ്ണത്തിലും സ്വന്തമായി കുടിവെള്ള സൌകര്യം ഒരുക്കിയിട്ടുള്ളത് 13 എണ്ണത്തിലും മാത്രമാണ്. ആകെ 15 എണ്ണം മാത്രമാണ് വൈദ്യുതികരിച്ചിട്ടുള്ളത്. അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ഭരണസമിതി ശ്രദ്ധചെലുത്തേണ്ടതുമാണ്.

# 3-11 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

പ്രൊ നം. 12/16-പാലിയേറ്റീവ് പരിചരണം
അടങ്കൽ – 440000 (340000-എസ്.എഫ്.സി + 100000-തനത് ഫണ്ട്)
ചെലവ് – 405628 (333628-എസ്.എഫ്.സി + 72000-തനത് ഫണ്ട്)

2015-16 വർഷത്തിൽ പാലിയേറ്റീവ് പരിചരണത്തിനായി 405628 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ തുക മുഴുവനും ചെലവഴിച്ചിട്ടുള്ളത് ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നീ കാര്യങ്ങൾക്ക് മാത്രമാണെന്ന് ബോധ്യപ്പെട്ടു. ഏറ്റവും അവശത അനുഭവിക്കുന്ന രോഗികൾക്ക് ആവശ്യമായ സാമഗ്രികളൊന്നും (വാട്ടർബെഡ്, വീൽചെയർ, വാക്കർ, യൂറിനൽ മുതലായവ) വാങ്ങി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനസഹകരണത്തോടെ ഒരു വാഹനം വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2. രോഗികൾക്ക് ആവശ്യമായ അത്യാവശ്യ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി നിശ്ചിത തുക മാറ്റി വെക്കേണ്ടതാണ്.

3. തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-12 എസ്.എസ്. എ വിഹിതം നൽകിയതിന് വിനിയോഗ രേഖകൾ ലഭ്യമായില്ല

പ്രൊ.നം. 1/16-എസ്.എസ്.എ വിഹിതം

അടങ്കൽ - 766926

ചെലവ് - 766926

ബിൽ നം.7/15-9-2015
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

എസ്.എസ്.എ വിഹിതമായി എസ്.എസ്.എ യുടെ ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-13 കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പ്രൊ.നം. 109/16 പ്രകാരം 2015-16 വർഷത്തിൽ 3 കമ്പ്യൂട്ടർ, 1 സ്കാനർ, 1 പ്രിന്റർ, 3 വിൻഡോസ് 8.1 32 ബിറ്റ് ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ 217100 രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ബിൽ നം. 15/28-1-2016.

സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് നിശ്ചിത മാതൃകയിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരം ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം പ്രയോജനപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-14 തെരുവുവിളക്കുകളുടെ അറ്റകുറ്റപണി- കരാറുകാരന് അനുവദിച്ച ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

പ്രൊ.നം.148/2016-തെരുവുവിളക്കുകളുടെ അറ്റകുറ്റപണി
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 300000

ചെലവ് - 100000

ബിൽ നം. 6/24-8-2015

തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണി ഏറ്റെടുത്ത കരാറുകാരൻ ശ്രീ.കെ.അബ്ദുൾ റഹ്മാൻ എന്ന വ്യക്തിക്ക് മേല്പറഞ്ഞ പ്രകാരം 100000 രൂപ അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 1% ആദായനികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ആയതിനാൽ ഈ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 1000 രൂപ ഈടാക്കി കേന്ദ്രസർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 3-15 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2015-16 വർഷത്തിൽ 46 പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനിയർ ആയിരുന്നു. 3/2016 ൽ ഉണ്ടായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ഒഴിവ് നികത്തപ്പെടാത വന്ന സാഹചര്യത്തിൽ താത്കാലിക അടിസ്ഥാനത്തിൽ ഒരു അസി. എഞ്ചിനിയറെ ഭരണസമിതി നിയമിച്ചിരുന്നുവെങ്കിലും താത്കാലിക നിയമനമായതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് 82 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്. മരാമത്ത് രേഖകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല

സ.ഉ(പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2014-15 വർഷത്തിൽ ടെണ്ടർ ഏറ്റെടുത്ത കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യം പരിഗണിച്ച് മാത്രം കരാർ ചമക്കേണ്ടതാണ്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന ചട്ടം 7 പാലിച്ചിട്ടില്ല.

മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം എന്ന ചട്ടം 17 ലെ വ്യവസ്ഥയും പാലിച്ചിട്ടില്ല.

3. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യൂ ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യൂ, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ എല്ലാ രേഖകളും ഉണ്ടെന്നും ചട്ടം അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

# 3-16 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

ഓഡിറ്റ് വർഷത്തിൽ ധാരാളം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണച്ചുമതല ഗുണഭോക്തൃസമിതികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13 ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13 ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതെയാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ കണ്ടെത്തിയ അപാകതകളുടെ സംക്ഷിപ്തവിവരം താഴെ ചേർക്കുന്നു.

1. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. പ്രവൃത്തികളുടെ ഫയലുകൾ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

2. 13.03.13 ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി.

എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മാസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബില്ലുകളിലും കൺവീനർമാർ ഒപ്പുവെച്ചിട്ടുണ്ടെങ്കിലും മേലധികാരികൾ ആരുംതന്നെ ഒപ്പുവെച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർക്ക് 25% മൊബിലൈസേഷൻ അഡ്വാൻസ് നൽകാമെങ്കിലും ആർക്കുംതന്നെ മുൻകൂർ നൽകിയിട്ടില്ല.

ഗുണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-17 പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഒഴിവാക്കണം

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ഡി പ്രകാരം കുടിവെള്ള പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കണം. ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുവാൻ പാടില്ല. മോട്ടോർ സ്ഥാപിക്കൽ, പമ്പ്ഹൗസ്, പൈപ്പ് ലൈൻ, ടാപ്പുകൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ ഇനങ്ങൾ ഒഴിവാക്കി പ്രൊജക്റ്റുകൾ ആവിഷ്കരിച്ചിട്ടുള്ളത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. 2015-16 വർഷത്തിൽ ധാരാളം കുടിവെള്ള പദ്ധതികൾ കുഴൽകിണർ കുഴിക്കുന്നതിനായി മാത്രം ഗ്രാമപഞ്ചായത്ത് ആവഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ ഏതാനും കുടിവെള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ വിവരം | അടങ്കൽ | ചെലവ് | ബിൽ നം./ തിയതി | കുറിപ്പ് |
|---|---|---|---|---|---|
| 1 | 68/16-ബോർവെൽ നിർമ്മാണം-പുല്ലുണ്ണി പ്രദേശം (എസ്.സി.പി)<br>കൺവീനർ-ശ്രീ.മണികണ്ഠൻ.എം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 64500 | 64500 | 116/31-3-2016 | കുഴൽകിണർ മാത്രം നിർമ്മിച്ചു.<br>221/16 നം. പ്രൊജക്റ്റ് പ്രകാരം മോട്ടോർ വാങ്ങുന്നതിനായി 93280 രൂപ ചെലവഴിച്ചു വെങ്കിലും എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി യിട്ടില്ല. (ബിൽ നം. 118/ 31-3-2016) |
| 2 | 158/16-കോഴിക്കാട്ടിരി കുഴൽകിണർ നിർമ്മാണം<br>കൺവീനർ-ശ്രീ.രാജേഷ്<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 90000 | 67549 | 95/30-3-2016 | കുഴൽകിണർ മാത്രം നിർമ്മിച്ചു. |
| 3 | 231/16-വാണിയാർകുന്ന് ലക്ഷംവീട് കുടിവെള്ളപദ്ധതി<br>കൺവീനർ-ശ്രീമതി.പ്രിയ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 90000 | 82150 | 119/26-3-2016 | കുഴൽകിണർ മാത്രം നിർമ്മിച്ചു. |

| | | | | | |
|---|---|---|---|---|---|
| 4 | 66/16-മുക്കടക്കാട് കുടിവെള്ളപദ്ധതി<br>കൺവീനർ-ശ്രീ.മണികണ്ഠൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി | 175000 | 91955 | 112/31-3-2016 | കുഴൽകിണർ മാത്രം നിർമ്മിച്ചു. മോട്ടോർ സ്ഥാപിക്കുന്ന തിനായി 88000 രൂപ വകയിരുത്തിയി രുന്നുവെങ്കിലും സ്ഥാപിച്ചില്ല. |
| 5 | 59/16-ഗേറ്റ് പാറപ്പുറം കുടിവെള്ള പദ്ധതി<br>കൺവീനർ-ശ്രീ.പി.ഉണ്ണികൃഷ്ണൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി | 75000 | 21677 | 77/30-3-2016 | കുഴൽകിണർ മാത്രം നിർമ്മിച്ചു. |
| 6 | 157/16-പൂളക്കുണ്ട് കുഴൽകിണർ<br>കൺവീനർ-ശ്രീ.ഇബ്രാഹിംകുട്ടി<br>നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി | 90000 | 49640 | 89/30-3-2016 | കുഴൽകിണർ മാത്രം നിർമ്മിച്ചു. |
| 7 | 66/16-മുക്കടക്കാട് കുടിവെള്ളപദ്ധതി<br>231/16-വാണിയാർകുന്ന് ലക്ഷംവീട് കുടിവെള്ളപദ്ധതി<br>കൺവീനർ-ശ്രീ.മണികണ്ഠൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനിയർ | 175000 | 77062 | 17/28-7-2015 | കുഴൽകിണർ മാത്രം നിർമ്മിച്ചു. |

കുടിവെള്ള പദ്ധതികൾ ഭാഗികമായി മാത്രം വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്. കുഴൽകിണറുകൾ പൊതുജനങ്ങൾക്ക്

ഉപയോഗപ്രദമാക്കുന്നവിധത്തിൽ തുടർപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-18 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ച നൽകേണ്ടതാണെന്നും ദീർഘിപ്പിച്ച നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്ന് സ.ഉ(പി)നം. 324/15 /ഫിൻ തിയതി 3-7-2015 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും നിബന്ധനയുണ്ട്. എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2015-16 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ സിംഗിൾ ടെണ്ടറുകൾ ആദ്യ ഘട്ടത്തിൽ തന്നെ പരിഗണിക്കുകയും ടെണ്ടർ ഉറപ്പിച്ച നൽകുകകയും ചെയ്തു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അടങ്കൽ, ടെണ്ടർ നിരക്ക് | ചെലവ് | ബിൽ നം. / തിയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 144/16-ലക്ഷംവീട് കോളനി റോഡ് ടാറിംഗ്<br>ടെണ്ടർ തിയതി - 5-8-2015<br>കരാറുകാരൻ - ശ്രീ.രമേഷ്ബാബു<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 150000<br>0.22% കുറവ് | 147852 | 76/30-3-2016 | റീ ടെണ്ടർ പരിഗണിച്ചില്ല. |
| 2 | 125/16-ചേളമ്പറ്റകുന്ന് | 200000 | 199120 | 117/31-3-2016 | റീ ടെണ്ടർ പരിഗണിച്ചില്ല. |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടി റോഡ് കോൺക്രീറ്റ് ടെണ്ടർ തിയതി - 5-8-2015 കരാറുകാരൻ - ശ്രീ രമേഷ്ബാബു നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 0.44% കുറവ് | | | |
| 3 | 116/16-കോഴിക്കാട്ടിര-ചെറുള്ളിപള്ള്യാൽ റോഡ് മെറ്റലിംഗ് ടെണ്ടർ തിയതി - 5-8-2015 കരാറുകാരൻ - ശ്രീ.കെ.പരമേശ്വരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 200000 1.1% കുറവ് | 197800 | 121/31-3-2016 | റീ ടെണ്ടർ പരിഗണിച്ചില്ല. |
| 4 | 208/16-ഗ്രാമപഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളുടെ നവീകരണം ടെണ്ടർ തിയതി - 25-9-2015 കരാറുകാരൻ - ശ്രീ. പി.അഷറഫലി നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 217100 0.01% കുറവ് | 210189 | 104/30-3-2016 | റീ ടെണ്ടർ പരിഗണിച്ചില്ല. |
| 5 | 207/16-കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നവീകരണം ടെണ്ടർ തിയതി - 25-9-2015 കരാറുകാരൻ - ശ്രീ. പി.അഷറഫലി നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 125000 0.01% കുറവ് | 123608 | 111/30-3-2016 | റീ ടെണ്ടർ പരിഗണിച്ചില്ല. |

മേൽപ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ സർക്കാർ നിർദ്ദേശം

പാലിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. ടെണ്ടർ നടപടികളിൽ സുതാര്യത പുലർത്തുവാനും ഗ്രാമപഞ്ചായത്തിന്റെ താത്പര്യം മുൻനിർത്തിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുവാനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-19 എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിച്ചു

2015-16 വർഷത്തിൽ അംഗീകാരം ലഭിച്ച രണ്ട് പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് പ്രൊജക്റ്റിൽ വകയിരുത്തിയ തുകയേക്കാളും വളരെയധികം അധികരിച്ച നിരക്കിലാണ്. തെറ്റായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കൺവീനർമാർ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബിൽ തുക നൽകിയപ്പോൾ പ്രൊജക്റ്റിൽ വകയിരുത്തിയ തുകയിൽ ലിമിറ്റ് ചെയ്ത് തുക അനുവദിച്ചതുമൂലം കൺവീനർമാർക്ക് നഷ്ടമുണ്ടായിട്ടുണ്ട്. പ്രൊജക്റ്റിൽ വകയിരുത്തിയ തുക എത്രയെന്ന് ഉറപ്പുവരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാതിരുന്നത് ചട്ടങ്ങളുടേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടേയും ലംഘനമാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രൊജക്റ്റിൽ വകയിരുത്തിയ തുക | എസ്റ്റിമേറ്റ് നിരക്ക് | ചെലവ് | ബിൽ നം. തിയതി | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 88/16-പുതുമന പറമ്പ് റോഡ് മെറ്റലിംഗ്<br>കൺവീനർ- ശ്രീ.ശശികുമാർ<br>എഗ്രിമെന്റ് നം.49/ 1-10-2015<br>അളവു പുസ്തകം നം. 32/15-16<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | 100000 | 150000 | 100000 | 81/30-3-2016 | താത്കാലിക അടിസ്ഥാനത്തിലുള്ള അസി. എഞ്ചിനിയർ ആയതിനാൽ നിർവ്വഹണം നടത്തിയത് സെക്രട്ടറിയാണ്. |
| 2 | 111/16- കുളംപറമ്പ് | 100000 | 150000 | 100000 | 82/30-3-2016 | |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് മെറ്റലിംഗ്<br><br>കൺവീനർ- ശ്രീമതി. ആമിനക്കുട്ടി<br><br>എഗ്രിമെന്റ് നം.12/ 23-9-2015<br><br>അളവു പുസ്തകം നം. 33/15-16<br><br>നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി | | | | | |

1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ച് എസ്റ്റിമേറ്റ് പുതുക്കാതിരുന്നത് ചട്ടലംഘനമാണ്. ഈ വിഷയത്തിൽ വ്യക്തമായ വിശദീകരണവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികൾക്കായി അനുവദിച്ച 200000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 കുടുംബശ്രീ ഫണ്ടിലെ നീക്കിയിരിപ്പായ വികസന ഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും 2006-07 വർഷം മുതൽ പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ, ഭവന നിർമ്മാണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ വികസനഫണ്ടിൽ 415400 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

അക്കൗണ്ട് നം. 87047340735, 1057828233, SBI മുതുതല.

ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗക്കാർക്കായി അനുവദിക്കുന്ന വികസനഫണ്ട് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി

ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

# 3-21 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്)നം.71/2003/പ്ലാനിംഗ് /12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കണം.

മുതല ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത് 1 & 2 പ്രൊജക്റ്റ് | ലഭ്യമാക്കിയത് |
|---|---|---|---|
| 1 | വീട് | 25, 15 | 6, 0 |
| 2 | ഭൂമി | 18, 0 | 15, 0 |
| 3 | വീട് റിപ്പയർ | 41, 32 | 33, 3 |
| 4 | കുടിവെള്ളം | 39, 0 | - |
| 5 | കക്കൂസ് | 21, 24 | 1, 0 |
| 6 | വീൽ ചെയർ ആവശ്യമുള്ളവർ | 5 | - |
| 7 | തൊഴിൽ ഉപകരണം ആവശ്യമുള്ളവർ | 2 | 2 |
| 8 | കട്ടിലും ബെഡ്ഡും | 37 | 37 |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ്

കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി തയ്യാറാക്കിയ ലിസ്റ്റിൽ 182 അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ആശ്രയ പദ്ധതിയ്ക്കുള്ള വിഹിതം പരിമിതമായി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്, നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 225000 | 27/16-സമൃദ്ധി | 0 | 225000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാന വശേഷിയ്ക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഒന്നുമില്ല | | | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 91349 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 91349 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 91349 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, തിയതി |
|---|---|---|
| പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്ക്, മുതുതല ബ്രാഞ്ച് | 91349 | 360487/ 9-4-2014 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00<br>27-എ,ബി, സി,ഡി | 2003-04<br>3.9.4 | മരാമത്ത് ടെന്റർ അധിക തുക നൽകിയത് | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിൽ. |

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത്

ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി. എച്ച്. സി | 20-1-2011, 1-1-2016 | - | - | - | - | പരിശോധന നടത്തിയിട്ടില്ല. | വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36019702 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45691264 |
| വരവിനങ്ങളിലുള്ള നഷ്ടം | 3106 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 316055 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-3 | 2500 | ശ്രീ.റനി സൈമൺ, സെക്രട്ടറി |
| 2-4 | 606 | ശ്രീ.റനി സൈമൺ, സെക്രട്ടറി |
| ആകെ | 3106 | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

-

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 90000 | ശ്രീ.രാഹുൽ കൃഷ്ണൻ, കൃഷി ഓഫീസർ |
| 3-5 | 26055 | ശ്രീമതി.എം.എം.ഗീത, വി.ഇ.ഓ |
| 3-19 | 200000 | ശ്രീ.റനി സൈമൺ, സെക്രട്ടറി |
| ആകെ | 316055 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-14- 1000 രൂപ - കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം
ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - ശ്രീ.റനി സൈമൺ, സെക്രട്ടറി

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റനി സൈമൺ, സെക്രട്ടറി | സെക്രട്ടറി, മുതല ഗ്രാമപഞ്ചായത്ത് | കുടിയാട്ടിൽ വീട്, ടി.സി.17/1293(2), VNRA-101, പാങ്ങോട്, തിരുമല(പി.ഒ), തിരുവനന്തപുരം-695006 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും<br>പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | 21-11-2014 | 8 |
| 1997-98 | 11-12-2001 | 3 |
| 1998-99 | 13-11-2015 | 7 |
| 1999-00 | 12-1-2012 | 4 |
| 2000-01 | 10-8-2007 | 2 |
| 2001-02 | 3-12-2009 | 1 |
| 2002-03 | 28-12-2010 | 7 |
| 2003-04 | 15-3-2016 | 5 |
| 2004-05 | 18-9-2015 | 12 |
| 2005-06 | 10-12-2010 | 19 |
| 2006-07 | 2-3-2013 | 13 |
| 2007-08 | 2-3-2013 | 13 |

| | | |
|---|---|---|
| 2008-09 | 28-9-2016 | 11 |
| 2009-10 & 2010-11 | 28-4-2016 | 7 |
| 2011-12 | 8-3-2016 | 1 |
| 2012-13 | 22-4-2016 | 5 |
| 2013-14 & 2014-15 | 31-7-2016 | 12 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

**1**

# അനുബന്ധം 1

നം.കെ.എസ്.എ-പികെഡി-13-2251/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി. 22-12-2016

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻറെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 31.3.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുതല ഗ്രാമപഞ്ചായത്ത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. വാർഷിക കണക്കുകൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ 102702/- രൂപയും ബിൽഡിംഗ് റഗുലറൈസേഷൻ ഫീസിനത്തിൽ 71807/- രൂപയും വരവുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ വരവിന്റെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. വിവിധ ബാങ്ക്/ ട്രഷറി ബാലൻസുകളും കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ വായ്പകൾ സ്ഥാവര ജംഗമ ആസ്തികൾ തുടങ്ങിയ ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. K.S.A-PKD-13/2251/2016

Kerala State Audit Department

District Audit Office, Palakkad

Date: 22-12-2016

## Audit Certificate

Certified that I have audited the Annual Financial Statement of Muthuthala Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Muthuthala Gramapanchayat for the year 2015-16 except the observations appended to this Certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value not ascertained properly and included in Balance Sheet.
2. The receipt in the head of building permit fee is 102702 and the receipt in the head of building permit regularisation fee is 71807. Abstract not recorded in the registers and certified by the Secretary.
3. Asset details not acertained and included the balance sheet.

Deputy Director